# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3263 — 10.12.2018 -ൽ മറുപടിക്ക്

## പുതിയതായി അനുവദിച്ച റവന്യൂ ഡിവിഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയതായി എത്ര റവന്യൂ ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തു പുതിയതായി 6 റവന്യൂ ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്. ആയവ - തിരുവനന്തപുരം-നെടുമങ്ങാട്, തൃശ്ശൂർ-ഇരിങ്ങാലക്കട, കോഴിക്കോട്-വടകര, കണ്ണൂർ-തളിപ്പറമ്പ്, കാസർഗോഡ്-കാസർഗോഡ്, കൊല്ലം-പുനലൂർ |
| (ബി) പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷനുകളോട് താലൂക്കുകൾ കൂട്ടിച്ചേർത്തത് തികച്ചും അശാസ്ത്രീയമായിട്ടാണെന്ന തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റവന്യൂ ഡിവിഷനുകളിൽ ഉൾപ്പെടുന്ന താലൂക്കുകളിലെ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സൗകര്യപ്രദവും ശാസ്ത്രീയവുമായ രീതിയിൽ താലൂക്കുകളെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) നെടുമങ്ങാട് റവന്യൂ ഡിവിഷൻ ഒഴികെ ബാക്കിയുള്ള കേസുകളിൽ പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയതായി റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്ന വിധത്തിലാണ് താലൂക്കുകൾ ഉൾപ്പെടുത്തുന്നത്. എന്നിരുന്നാലും നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് റവന്യൂ ഡിവിഷനിൽ ഉൾപ്പെടുത്തിയതിനെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പുതുതായി ആരംഭിച്ച റവന്യൂ ഡിവിഷനുകളിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര തസ്തികകൾകൂടി സൃഷ്ടിക്കാനുണ്ട്; ആവശ്യമായ തസ്തികകൾ അടിയന്തരമായി സൃഷ്ടിച്ച് ഉത്തരവ് നൽകുമോ ? | (സി) പുതിയതായി ആരംഭിച്ച 6 റവന്യൂ ഡിവിഷനുകളിലും ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഓരോ റവന്യൂ ഡിവിഷനിലും 24 തസ്തിക വീതം ആകെ 144 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ